(ബി) ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സ്വതന്ത്രമായും നിർഭയമായും പോലീസ് ഉദ്യോഗസ്ഥർക്ക് ചുമതല നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇത്തരം കൊഴിഞ്ഞുപോക്കിന് പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) അർപ്പണബോധമുള്ള ഒരു പ്രൊഫഷണൽ സേനയായി പോലീസിനെ മാറ്റാനും നിരവധി ഒഴിവുള്ള ഈ രംഗത്തേക്ക് കഴിവുള്ള ഉദ്യോഗാർത്ഥികളെ ആകർഷിക്കാനും എന്തൊക്കെ പരിഷ്കാരങ്ങൾ പോലീസ് സേനയിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇല്ല. എന്നാൽ പൊലീസ് സേനയിലുണ്ടായിരുന്നവരിൽ ചിലർ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ നിയമനം ലഭിച്ചപ്പോൾ ഈ ഡിപ്പാർട്ടുമെന്റിൽ നിന്നും മാറി പോയിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) കഴിവുറ്റ പോലീസ് സേനാംഗങ്ങളെ നേടിയെടുക്കുന്നതിലേക്കായി സമയബന്ധിത പ്രമോഷൻ, സമയബന്ധിത ഗ്രേഡ്, ഡ്യൂട്ടി സമയം 8 മണിക്കൂറാക്കുന്നതിനുള്ള നടപടിക്രമം, വിവാഹിതരായ 3 വർഷം സർവ്വീസായ വനിതാ പോലീസുകാർക്ക് ഇഷ്ടപ്പെട്ട ജില്ലയിലേക്ക് സ്ഥലംമാറ്റം തുടങ്ങിയ ക്ഷേമപദ്ധതികളും, പോലീസ് പൊതുജനബന്ധം കൂടുതൽ മെച്ചപ്പെടുത്തി പോലീസിനെ ജനങ്ങൾക്ക് അറിയുന്നതിലേക്കായി കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയും, അർപ്പണബോധമുള്ള പ്രൊഫഷണൽ സേനയായി മാറ്റുന്നതിലേക്കായി ട്രെയിനിംഗും, തുടർന്നുള്ള inservice course നും കാലാനുസൃതമായ വിഷയങ്ങൾ ഉൾപ്പെടുത്തിയും മറ്റും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**തിരുവനന്തപുരം പേട്ട റെയിൽവേ സ്റ്റേഷനിൽ പ്രീ പെയ്ഡ് ഓട്ടോറിക്ഷാ കൗണ്ടർ സ്ഥാപിക്കാൻ നടപടി**

**20 (4626)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ പെയ്ഡ് ഓട്ടോ റിക്ഷാ കൗണ്ടർ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങളെക്കുറിച്ച് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര പ്രീ പെയ്ഡ് ഓട്ടോ റിക്ഷാ കൗണ്ടറുകൾ പ്രവർത്തിക്കുന്നുവെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഓരോ കൗണ്ടർ മുഖേനയും ശരാശരി എത്ര പേർക്ക് ദിവസവും സേവനം ലഭ്യമാക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതിയതായി പ്രീ പെയ്ഡ് ഓട്ടോറിക്ഷാ കൗണ്ടറുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) തിരുവനന്തപുരം പേട്ട റെയിൽവേ സ്റ്റേഷനിൽ പ്രീ പെയ്ഡ് ഓട്ടോറിക്ഷ കൗണ്ടർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരക്കേറിയ ബസ്സ്റ്റാൻഡുകളിലും, റെയിൽവേ സ്റ്റേഷനുകളിലും യാത്രക്കാർ ടാക്സിക്കാരുടെ ചൂഷണത്തിന് വിധേയമാകുന്നത് തടയുന്നതിനും യാത്രക്കാരുടെ സുരക്ഷിതത്വവും സൗകര്യവും ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ്.

(ബി) ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | – | 1 |
| കൊല്ലം | – | 1 |
| ആലപ്പുഴ | – | 2 |
| കോട്ടയം | – | 1 |
| കൊച്ചി സിറ്റി | – | 3 |
| പാലക്കാട് | – | 2 |
| കോഴിക്കോട് സിറ്റി | – | 1 |

(സി)

| | | |
|---|---|---|
| തമ്പാനൂർ റെയിൽവേ സ്റ്റേഷൻ | – | 1200 പേർക്ക് |
| കൊല്ലം റെയിൽവേ സ്റ്റേഷൻ | – | 600 പേർക്ക് |
| ആലപ്പുഴ റെയിൽവേ സ്റ്റേഷൻ | – | 100 പേർക്ക് |
| ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ | – | 750 പേർക്ക് |
| എറണാകുളം റെയിൽവേ സ്റ്റേഷൻ (വെസ്റ്റ്ഗേറ്റ്) | – | 800 പേർക്ക് |
| എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷൻ | – | 700 പേർക്ക് |
| കലൂർ ബസ് സ്റ്റാൻഡ് | – | 125 പേർക്ക് |
| പാലക്കാട് കെ.എസ്.ആർ.ടി.സി. | – | 70 പേർക്ക് |

LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലം - 30 പേർക്ക്

കോഴിക്കോട് സിറ്റി - 1500 പേർക്ക്

(ഡി) ഉണ്ട്. അവ താഴെപ്പറയും പ്രകാരമാണ്.

1. കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ
2. പേട്ട റെയിൽവേസ്റ്റേഷൻ
3. തിരുവനന്തപുരം എയർപോർട്ട്
4. ചിന്നക്കട ജംഗ്ഷൻ
5. കൊല്ലം താലൂക്ക് കച്ചേരി
6. തിരുവല്ല റെയിൽവേ സ്റ്റേഷൻ
7. കോട്ടയം കെ.എസ്.ആർ.ടി.സി.
8. ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി.
9. പാലാ കെ.എസ്.ആർ.ടി.സി.
10. എറണാകുളം. സൗത്ത് റെയിൽവേ സ്റ്റേഷൻ (കിഴക്കേനട)
11. തൃശ്ശൂർ റെയിൽവേ സ്റ്റേഷൻ
12. പാലക്കാട് മുനിസിപ്പൽ സ്റ്റാൻഡ്
13. കണ്ണൂർ റെയിൽവേ സ്റ്റേഷൻ

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിന് നടപടി**

21 (4627) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഏജൻസിയായ കോസ്റ്റ് റവന്യൂ അനാലിസിസ് 2009-ൽ നടത്തിയ സർവ്വേയിൽ ജോലി സമ്മർദ്ദത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് കേരള പോലീസാണെന്ന് കണ്ടെത്തുകയുണ്ടായോ ;

(ബി) പ്രസ്തുത സർവ്വെയിലെ വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) 781 പേരുടെ ക്രമസമാധാന ചുമതലയ്ക്ക് ഒരു പോലീസുകാരൻ എന്നതാണ് സംസ്ഥാനത്തെ അനുപാതമെന്ന് സർവ്വെ വെളിപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly